# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.467 24-01-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പി. ഉബൈദുള്ള<br>ശ്രീ.പി.ബി. അബ്ദുൽ റസാക്ക്<br>ശ്രീ.അബ്ദുൽ ഹമീദ് പി | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**സാമ്പത്തിക പ്രതിസന്ധി**

| | | |
|---|---|---|
| (എ) | സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി എപ്രകാരം നേരിടുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ചരക്കുസേവന നികുതി നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ സൃഷ്ടിച്ച ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി പൊതുവിപണിയിൽ നിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചു കൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചു കൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ഇത് സംബന്ധിച്ച് ധവള പത്രം പുറപ്പെടുവിക്കാൻ ആലോചിക്കുന്നുണ്ടോ ; | ധനസ്ഥിതി സംബന്ധിച്ച് ധവള പത്രം പുറപ്പെടുവിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | സാമ്പത്തിക പ്രതിസന്ധി മൂലം വികസന പ്രവർത്തനങ്ങൾ സ്തംഭിക്കുവാൻ ഇടയായിട്ടുണ്ടോ ; | ഇല്ല. അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം 2017 നവംബർ 30 വരെയുള്ള കാലയളവിൽ പദ്ധതി ചെലവിൽ 20.35% ത്തിന്റെ വർദ്ധനവ് മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | ത്രിതല പഞ്ചായത്തുകളുടെ പദ്ധതി ചെലവ് സർക്കാർ നിശ്ചയിച്ച പ്രകാരം 2017 അവസാനത്തിൽ എത്ര ശതമാനം പൂർത്തിയാക്കേണ്ടതായിരുന്നു എന്നും എത്ര ശതമാനമാണ് പൂർത്തിയായ തെന്നും വ്യക്തമാക്കുമോ ? | നടപ്പുസാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ചെലവഴിക്കാവുന്ന പദ്ധതി വിഹിതം മൊത്തം അടങ്കലിന്റെ 33% മായി നിജപ്പെടുത്തിയിട്ടുണ്ട്. 2017 ഡിസംബർ 31 വരെ ത്രിതല പഞ്ചായത്തുകൾ തങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 39.96% ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ